**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4299** **01-07-2024 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ മണ്ഡലത്തിലെ ഷേണായി സ്മാരക ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂൾ കണ്ടങ്കാളി, എ.കെ.എ.എസ്.ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ, ജി.എച്ച്.എസ്.എസ്.വെള്ളൂർ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ മണ്ഡലത്തിലെ ഷേണായി സ്മാരക ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ, കണ്ടങ്കാളി എ കെ എ എസ് ജി വി എച്ച് എസ് എസ് പയ്യന്നൂർ, ജി എച്ച് എസ് എസ് വെള്ളൂർ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>1.ഷേണായി സ്മാരക ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ</u><br><br>ടി സ്കൂളിന് 01.03.2021 ലെ ഉത്തരവ് നമ്പർ GED006-11/APR-/2021/KIIFB പ്രകാരം 2,76,01,422/- രൂപയുടെ സാമ്പത്തിക അനുമതിയും 07.06.2023 ലെ ഉത്തരവ് നമ്പർ GED006-11/APR-2/2023/KIIFB പ്രകാരം 3,82,09,330/- രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതി കിഫ്ബിയും 08.05.2023-ന് സാങ്കേതിക അനുമതി പദ്ധതി നിർവഹണ ഏജൻസിയും ലഭ്യമാക്കിയിട്ടുണ്ട്. PED (Project Execution Document) യ്ക്ക് അംഗീകാരം ലഭ്യമാക്കി നിലവിൽ ടെൻഡർ നടപടികൾ ആരംഭിച്ചതായി പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻ കരാർ നൽകി പ്രവൃത്തി ആരംഭിക്കാവുന്നതാണ്.<br><br><u>2.കണ്ടങ്കാളി എ കെ എ എസ് ജി വി എച്ച് എസ് എസ് പയ്യന്നൂർ</u><br><br>ടി സ്കൂളിന് 30.10.2020 ലെ ഉത്തരവ് നമ്പർ GED003-27/PE-5-PAD/2020/KIIFB പ്രകാരം 98,65,932/- രൂപയുടെ സാമ്പത്തിക അനുമതിയും 04.08.2023 ലെ ഉത്തരവ് നമ്പർ GED003-27/APR-2/2023/KIIFB പ്രകാരം 1,27,32,180/- രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതിയും |

| | | | |
|---|---|---|---|
| | | | കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിക്ക് 14.03.2024-ന് സാങ്കേതിക അനുമതി പദ്ധതി നിർവഹണ ഏജൻസി ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ PED (Project Execution Document) പദ്ധതി നിർവഹണ ഏജൻസി 14.06.2024-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തി ആരംഭിക്കുന്നതിനുള്ള<br><br>നടപടികൾ പദ്ധതി നിർവഹണ ഏജൻസിക്ക് സ്വീകരിക്കാവുന്നതാണ്.<br><br><u>3 .ജി എച്ച് എസ് എസ് വെള്ളൂർ</u><br><br>ടി സ്കൂളിന് 24.09.2021 ലെ ഉത്തരവ് നമ്പർ GED006-26/APR-1/2021/KIIFB പ്രകാരം 2,96,37,949/- രൂപയുടെ സാമ്പത്തിക അനുമതിയും 27.04.2023 ലെ ഉത്തരവ് നമ്പർ GED006-26/APR-2/2023/KIIFB പ്രകാരം 3,86,88,470/- രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതിയും കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിക്ക് സാങ്കേതിക അനുമതി പദ്ധതി നിർവഹണ ഏജൻസി ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ പുതുക്കിയ PED (Project Execution Document) കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസി സ്വികരിച്ച് വരുന്നു. PED കിഫ്ബിയിൽ സമർപ്പിച്ച് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസിക്ക് സ്വീകരിക്കാവുന്നതാണ്. |
| (ബി) | സാങ്കേതിക നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സാങ്കേതിക നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവ്യത്തികൾ വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ